# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4408** **25-10-2016-ൽ മറുപടിയ്ക്ക്**

## ലോട്ടറി കേന്ദ്രീകരിച്ച് ചൂതാട്ടം

| | ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കേരള ലോട്ടറി കേന്ദ്രീകരിച്ച് എന്തെല്ലാം ചൂതാട്ടങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന മൂന്നക്കം ഉപയോഗിച്ചുള്ള എഴുത്ത് ലോട്ടറി എന്ന പേരിലുള്ള സമാന്തര അനധികൃത കച്ചവടം, ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നൽകുന്ന ലോട്ടറി, ഫോൺ മുഖാന്തിരം നമ്പർ നൽകുന്ന ലോട്ടറി, ഭാഗ്യക്കുറി ടിക്കറ്റിൽ നമ്പർ തിരുത്തി ചെറുകിട ഏജന്റുമാരെയും, വിൽപനക്കാരേയും കബളിപ്പിക്കൽ എന്നിങ്ങനെ സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുന്ന നിരവധി കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് ഏതെല്ലാം തരത്തിൽ ലോട്ടറി മൂലമുള്ള വരുമാനത്തെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | മുകളിൽ പരാമർശിക്കുന്ന ചൂതാട്ടങ്ങൾ വ്യാപകമല്ലാത്തതിനാലും, അതിൽ ഭാഗഭാക്കാകുന്ന പൊതുജനങ്ങളുടെ എണ്ണം തുലോം കുറവായതിനാലും ഇത്തരത്തിലുള്ള ചൂതാട്ടങ്ങൾ മൂലം ലോട്ടറിയിലൂടെയുള്ള സർക്കാരിന്റെ വരുമാനത്തെ കാര്യമായി ബാധിച്ചിട്ടില്ല. |
| (സി) | ഈ വിഷയത്തിൽ നിയമവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | നിയമ വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ലാത്തതിനാൽ നിയമവകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെല്ലുകളും, സംസ്ഥാന പോലീസും, വാണിജ്യ നികുതി വകുപ്പും, ലോട്ടറി വകുപ്പും ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിയ്ക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്? | (ഡി) | നിയമവിരുദ്ധ ലോട്ടറികൾ സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതിനും, ലോട്ടറി നിയന്ത്രണ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും G.O (Rt) No. 26/12/TD dated 07.01.2012 പ്രകാരം ഇന്റലിജൻസ് എ.ഡി.ജി.പി-യെ മേധാവിയാക്കി നിയമിച്ചുകൊണ്ട് ഒരു സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിനും, അതത് ജില്ലാ കളക്ടർമാരെ മേധാവിയാക്കി നിയമിച്ചുകൊണ്ട് ജില്ലാതലമോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്.<br><br>പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വകുപ്പുതല അന്വേഷണം ആവശ്യമായ സാഹചര്യത്തിൽ അന്വേഷണത്തിനായി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.<br><br>ലോട്ടറി വകുപ്പിന് എൻഫോഴ്സ്മെന്റ് അധികാര-മില്ലാത്തതിനാൽ ലോട്ടറി ആക്ട്, ലോട്ടറി റൂൾസ്, ലോട്ടറി നികുതി ആക്ട് എന്നിവയുടെ ലംഘനങ്ങൾ മോണിറ്ററിംഗ് സെൽ മുഖാന്തിരവും, പോലീസിന്റെയും, വാണിജ്യ നികുതി വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി ലോട്ടറി ആക്ട്, ഗെയിമിങ്ങ് ആക്ട്, ഐ.പി.സി. എന്നിവ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നു.<br><br>അതത് ജില്ലാ കളക്ടർമാർ നേതൃത്വം വഹിക്കുന്ന ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കാണ് അതത് ജില്ലകളിലെ നിയമവിരുദ്ധ ലോട്ടറി കേസുകൾ, പരാതികൾ എന്നിവയുടെ നിരീക്ഷണ ചുമതല നൽകിയിട്ടുളളത്. അവർ കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് സെൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കേസ്സുകളിന്മേലും, പരാതികളിന്മേലുമുളള പോലീസ് |

| | | | |
|---|---|---|---|
| | | | നടപടികളും, നിയമ നടപടികളും, വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. സ്ഥിരം സംവിധാനങ്ങളായ സംസ്ഥാനതല, ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ രൂപീകരിച്ചും, പോലീസ്, ലോട്ടറി വകുപ്പ്, സൈബർ സെൽ, വാണിജ്യ നികുതി വകുപ്പ് എന്നിവ ഒരുമിച്ച് പ്രവർത്തിച്ചു കൊണ്ടും നിയമവിരുദ്ധ ലോട്ടറി പ്രവർത്തനങ്ങൾ പൂർണ്ണമായും തടയാനാകുമെന്ന് കരുതുന്നു.<br><br>ഈ ചൂതാട്ടങ്ങൾക്ക് സംഘടിത സ്വഭാവമുണ്ടോയെന്നും, ഇവയുടെ പിന്നിൽ സംഘടിത പ്രവർത്തനമുണ്ടോയെന്നും അന്വേഷിക്കുന്നതിനും ഈ ചൂതാട്ടങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.